# 11

# നിങ്ങൾ ചെയ്യുന്നതെല്ലാം നന്നായി ചെയ്യുക (സഭാപ്രസംഗി 9; 10)

സഭാപ്രസംഗിയുടെ പുസ്തകത്തിലുടനീളം, ഒരു വ്യക്തി ജീവിതത്തിൽ ഓരോ ദിവസവും വരുന്നതുപോലെ - ദൈവം ജിവിതത്തിൽ നൽകുന്നത് ആസ്വദിക്കുക എന്നതാണ് ശലോമോൻ തീർപ്പാക്കിയത്. ദൈവം നമുക്ക് എല്ലാം നൽകുന്നു - ജീവിതം മാത്രമല്ല, ഓരോ ദിവസവും ഉപയോഗിക്കുന്നതിനുള്ള താലന്തുകളും ഉപകരണങ്ങളും നൽകുന്നു്. ജീവിതത്തിൽ നമുക്കുള്ള പങ്കുകളിൽ-അതെന്തായാലും, നാം തൃപ്തരാകണം. സമൃദ്ധകാലത്തു സന്തോഷിക്കയും, പ്രതികൂല സാഹചര്യങ്ങളിൽനിന്ന് പാഠം ഉൾക്കൊള്ളുകയും വേണം. സുബോധത്തോടെ ശരിയായ ദിശയിൽ ജീവിതത്തെ സൂക്ഷിപ്പാൻ പ്രതികൂലവശങ്ങൾ നമ്മെ സഹായിക്കും.

ദൈവം എല്ലാം നൽകുന്നതുകൊ്, അവൻ ഓരോ ദിവസവും നൽകുന്നത് അവനെ മഹത്വപ്പെടുത്തി ഉപയോഗിക്കണം. ജീവദായകനെ കൂടാതെ ആർക്കും ജീവിതം ശരിയായി നയിക്കുവാൻ സാധ്യമല്ല. ദൈവത്തെ കൂടാതെയുള്ള മനുഷ്യന് ഒരു ഭാവിയുമില്ല. ചിലപ്പോൾ, ശലോമോന്റെ വാക്കുകൾ ശുഭാപ്തി വിശ്വാസം തോന്നിപ്പിക്കും, എങ്കിലും അവ നമ്മെ ക്രിയാത്മകമായി ചിന്തിച്ചു പ്രവർത്തിക്കുവാൻ പഠിപ്പിക്കുന്നു. അവന്റെ ഭൂതകാല തെറ്റുകളിൽനിന്നുയർന്നതാകാം നിഷേധാത്മകത. തെറ്റുകളിൽനിന്നു പാഠം ഉൾക്കൊുകൊ്, അതേ വീഴ്ച്ചകളെ സൂക്ഷിക്കുവാൻ അവൻ മറ്റുള്ളവരെ മുന്നറിയിക്കുന്നു്. തെറ്റുകളെ കുറിച്ചുള്ള വിവരണങ്ങളാണ് ശലോമോന്റെ നിഷേധപൂർവ്വമായ ഉപദേശം, എന്നാൽ ആ തെറ്റുകളെ ഉപേക്ഷിക്കുവാൻ അവൻ നൽകുന്ന നിർദ്ദേശങ്ങൾ ക്രിയാത്മകവശമാണ്.

9 ഉം 10 ഉം അദ്ധ്യായങ്ങളിൽ ശലോമോൻ തന്റെ പ്രബന്ധത്തിന്റെ തീർപ്പ് നൽകി തുടങ്ങുന്നു. മരണം തീർച്ചയാണ് എന്ന കാഴ്ച്ചപ്പാടോടുകൂടി, ഓരോ ദിവസത്തെ ജീവിതവും ഏറ്റവും നല്ല നേട്ടമാക്കണം. ഇതിന് ജ്ഞാനം ആവശ്യമാണെന്നും അവൻ പറയുന്നു (അദ്ധ്യായം 9), എന്നാൽ ആ ജ്ഞാനത്തിന്റെ ഫലം നശിപ്പിക്കുവാൻ അല്പം മൗഢ്യത മതി (അദ്ധ്യായം 10).

### മരണം നിശ്ചയം (9:1-12)

ഭൗമികജീവിതത്തിന് ആവശ്യമുള്ളവ നൽകുന്ന കാര്യത്തിൽ ദൈവം മുഖപക്ഷം കാണിക്കുന്നവനല്ല. 9:2-ൽ നാം വായിക്കുന്നു, "എല്ലാവർക്കും ഒരുപോലെ സംഭവിക്കുന്നു. നീതിമാനും, ദുഷ്ടനും നല്ലവനും, നിർമ്മലനും മലിനനും, യാഗം കഴിക്കുന്നവനും യാഗം കഴിക്കാത്തവനും ഒരേ ഗതി വരുന്നു; പാപിയും നല്ലവനും, ആണ പേടിക്കുന്നവനും ആണയിടുന്നവനും ഒരുപോലെ ആകുന്നു." നീതിമാന്മാരുടെമേലും നീതികെട്ടവരുടെമേലും ദൈവം മഴ

പൊഴിക്കുന്നു (മത്തായി 5:45). ഒരു മനുഷ്യന്റെ ഭൗതികസാഹചര്യം നോക്കി ദൈവം അയാളെ എങ്ങനെ നോക്കുന്നു എന്നു നമുക്ക് പറയുവാൻ സാധ്യ മല്ല. ദൈവം ഒരു മനുഷ്യനെ അംഗീകരിക്കുന്നതിന്റെ സൂചനയല്ല അവന്റെ സമൃദ്ധി. അതുപോലെ ഒരു മനുഷ്യന് കുഴപ്പം നേരിടുമ്പോൾ ദൈവപ്രസാദം അവനെ വിട്ടുപോയി എന്നതിന്റേയും സൂചനയല്ല. ഭൗമിക സാഹചര്യങ്ങൾ നല്ലവർക്കും മോശപ്പെട്ടവർക്കും, ദൈവത്തെ ആദരിക്കുന്നവർക്കും ആദരി ക്കാത്തവർക്കും വരും. ഒരേ ഒരു വ്യത്യാസം നിരീക്ഷിച്ചിരിക്കുന്നു: ബുദ്ധിമാ ന്റേയും നല്ലവന്റേയും പ്രവൃത്തികളെ ദൈവം നിയന്ത്രിക്കും. അത്തരം പ്ര വൃത്തികൾ, ലോകം അവരോട് എങ്ങനെ പെരുമാറിയാലും, ദൈവം അതു കാണാതെ പോകയില്ല.

എല്ലാവർക്കും വരുന്ന സംഭവമാണ് മരണം (9:3-6). അഭക്തരായ മനു ഷ്യർക്കുാകുന്ന അതേ അന്ത്യം തന്നെ ദൈവഭക്തരായവർക്കുാകുന്നത് അന ്യായമായി തോന്നിയേക്കാം. ദൈവത്തെ സേവിക്കുന്നവർക്കുള്ള നിത്യമായ പ്ര തിഫലത്തെ കുറിച്ച് നാം ചിന്തിച്ചില്ലെങ്കിൽ, ദൈവഭക്തരാകുന്നതിൽ അല്പം പ്രേരണ മാത്രമെയുാകു. ദൈവഭക്തിയിൽ നേട്ടം കാണാത്തവരാണ് തിന്മയും ഭ്രാന്തും തിരഞ്ഞെടുക്കുന്നത്.

ശലോമോൻ പറഞ്ഞു, “ജീവിച്ചിരിക്കുന്നവരുടെ കൂട്ടത്തിലുള്ളവനൊ ക്കെയും പ്രത്യാശയു്, ചത്ത സിംഹത്തേക്കാൾ ജീവനുള്ള നായ് നല്ലതല്ലൊ” (9:4). പുരാതന കാലത്ത് മൃഗങ്ങളിൽ വെച്ച് ഏറ്റവും കുറഞ്ഞ മൃഗമായിട്ടായി രുന്നു നായയെ കണക്കാക്കിയിരുന്നത്. ഇന്ന് നായ്ക്കളെ വളർത്തുന്നതുപേ ാലെ അന്ന് വളർത്തിയിരുന്നില്ല. എന്നാൽ സിംഹം മൃഗങ്ങളുടെ രാജാവാ യിട്ടായിരുന്നു പരിഗണിച്ചിരുന്നത്, ധൈര്യത്തിനും വേഗതക്കും സമർത്ഥ നായിരുന്നു. ശലോമോൻ പറഞ്ഞത്, “ജീവനില്ലാത്ത ഒന്നിനേക്കാൾ നല്ലത് ജീവനുള്ളതാണ്, ഭൂമിയിൽ എന്തെങ്കിലും നേടുവാനും, അറിയുവാനുള്ള പ്ര ത്യാശയുള്ളതും ജീവനുള്ളവക്ക് മാത്രമാണ് എന്നാണ്.” വാക്യം 5 പറയുന്നു, “ജീവിച്ചിരിക്കുന്നവർ തങ്ങൾ മരിക്കുമെന്നറിയുന്നു, മരിച്ചവരോ ഒന്നും അറി യുന്നില്ല ...”. ഭൂമിയിലെ പ്രവൃത്തികളെല്ലാം മരണത്തോടെ അവസാനിക്കുന്നു (9:6). ശലോമോൻ ജീവിതത്തിൽ അനുഭവിച്ച നിരാശയിൽനിന്നാണോ അതോ ദൈവമില്ലാത്തവരുടെ സാഹചര്യങ്ങളെ വെച്ചുകൊാണോ പറഞ്ഞതെന്ന് തീർത്തു പറയുവാൻ വിഷമമാണ്. നിത്യമായ ഗ്രാഹ്യവും അറിവുമില്ലാതെ യാണ് ഇന്നും ചില ആളുകൾ ചിന്തിക്കുന്നത്. ദൈവം നിത്യദൈവമാണ് - ഭൂമിയിൽ ജീവിച്ചിരിക്കുന്നവരുടെ മാത്രം ദൈവമല്ല. കത്തിക്കൊിരിക്കുന്ന മുൾപ്പടർപ്പിൽനിന്ന് ദൈവം മോശെയോട് സംസാരിച്ചപ്പോൾ (പുറപ്പാട് 3:6), അവൻ പറഞ്ഞു, “*ഞാൻ* അബ്രഹാമിന്റെ ദൈവവും, ഇസഹാക്കിന്റെ ദൈവവും, യാക്കൊബിന്റെ ദൈവവും ആകുന്നു” (എംഫസിസ് മൈൻ). ആ പിതാക്കന്മാർ നൂറ്റാുകൾക്ക് മുൻപ് മരിച്ചവരായിരുന്നു, എങ്കിലും, ദൈവം അവരുടെ മാത്രം ദൈവം *ആയിരുന്നില്ല.*

ശലോമോൻ പറയുന്നതനുസരിച്ച്, നാം ജീവിതം മുഴുവനായും ജീവി ക്കേതാണ് (9:7-12). നമ്മുടെ പ്രയത്നഫലം നാം ആസ്വദിക്കയും ദൈവം ന ൽകുന്നതിൽ സന്തോഷിക്കുകയും വേണം. നാം ജീവിച്ചിരിക്കുമ്പോൾ ദൈവം നൽകുന്ന അനുഗ്രഹങ്ങളാൽ നാം ദൈവത്തെ മഹത്വപ്പെടുത്തണമെന്നാണ് അവൻ പറഞ്ഞത്, കാരണം അതാണ് ദൈവം നമ്മിൽനിന്നു പ്രതീക്ഷിക്കുന്നത്.

ഭാര്യമാരെ കുറിച്ച് ശലോമോൻ 9:9-ൽ ഉപദേശിച്ചത് അവൻ പരിശീലി

ച്ചിരുന്നില്ല. അവന് എഴുന്നൂറു ഭാര്യമാരുായിരുന്നു, എന്നാൽ ദൈവപദ്ധതി യാണ് ഏറ്റവും നല്ലതെന്ന് അനുഭവത്തിൽനിന്ന് അവൻ പഠിച്ചിരിക്കണം. ആരം ഭത്തിൽ ദൈവം പുരുഷന് ഒരു സ്ത്രീയെയാണ് രൂപപ്പെടുത്തിയത്. എന്നാൽ ക്രിസ്തു വരുന്നതിന് മുൻപ് ആളുകൾക്കിടയിൽ ഉായ ബഹുഭാര്യാത്വവും, ഉപേക്ഷണവും, പുനർവിവാഹവുമെല്ലാം ദൈവം സഹിക്കുകയായിരുന്നു (മത്തായി 19:3–9), എന്നാൽ അവൻ ഒരിക്കലും അതിൽ പ്രസാദിച്ചിരുന്നില്ല. ഇതിനേക്കാൾ നല്ല ഒരു വൈവാഹിക ഉപദേശം ദൈവപുസ്തകത്തിൽ മറ്റൊ രിടത്തുമില്ല: "കടന്നുപോകുന്ന ആയുഷ്ക്കാലമൊക്കെയും നീ സ്നേഹിക്കുന്ന സ്ത്രീയുമായി ജീവിതം ആസ്വദിച്ചുകൊൾക." ശലോമോനും ഇതേ ഉപദേശം സദൃശവാക്യങ്ങൾ 5:18, 19–ൽ നൽകിയിട്ടു്: "... നിന്റെ യൗവ്വനത്തിലെ ഭാര്യ യിൽ സന്തോഷിച്ചുകൊൾക."

പിന്നെ ശലോമോൻ ഉപദേശിച്ചു, "ചെയ്‌വാൻ നിനക്ക് സംഗതി വരു ന്നതൊക്കെയും ശക്തിയോടെ ചെയ്യുക ..." (9:10). ചെയ്യുവാൻ യോഗ്യമായ തെന്തും വിലയുള്ളതായിത്തന്നെ ചെയ്യണം. വീും, ചെയ്യുവാനുള്ളതെല്ലാം ഈ ലോകത്തിൽ തന്നെ ചെയ്യണം എന്നതാണ് നമ്മെ ഉത്തേജിപ്പിക്കുന്ന ശക്തി. വാക്യം 10 തുടരുന്നു, "നീ ചെല്ലുന്ന പാതാളത്തിൽ പ്രവൃത്തിയോ, സൂത്രമോ, അറിവോ, ജ്ഞാനമോ ഒന്നുമില്ല."

നമ്മുടെ ജീവിതത്തിൽ എന്തു സംഭവിക്കുമെന്ന് നമുക്ക് ഒരിക്കലും അറി യുവാൻ സാധ്യമല്ല. ശലോമോൻ പറഞ്ഞു,

> പിന്നെയും ഞാൻ സൂര്യന്നു കീഴെ കത്, വേഗതയുള്ളവർ ഓട്ടത്തിലും വീരന്മാർ യുദ്ധത്തിലും നേടുന്നില്ല. ജ്ഞാനികൾക്ക് ആഹാരവും വിവേ കികൾക്ക് സമ്പത്തും സാമർത്ഥ്യമുള്ളവർക്ക് പ്രീതിയും ലഭിക്കുന്നില്ല. അവർക്കൊക്കെയും കാലവും ഗതിയുമത്രെ ലഭിക്കുന്നത് (9:11).

എല്ലായ്പോഴും ജയിക്കുന്നത് ഏറ്റവും വേഗതയുള്ള ഓട്ടക്കാരനോ അല്ലെ ങ്കിൽ യോദ്ധാവോ ആയിരിക്കയില്ല. ഏറ്റവും നന്നായി എപ്പോഴും ആഹാരം കഴിക്കുന്നത് ജ്ഞാനി ആയിരിക്കയില്ല; അതുപോലെ എപ്പോഴും ധനികനാ കുന്നതും ജ്ഞാനി ആയിരിക്കയില്ല. പ്രതികൂല സാഹചര്യങ്ങൾ ആരിലും എപ്പോഴും വരാം. ജീവിതത്തിൽ പല വീഴ്ച്ചകളും അനുഭവപ്പെടും, എപ്പോ ഴാണ് നാം വീഴുക എന്ന് നമുക്ക് മുൻപെ അറിയുകയുമില്ല. അതു കണി വെച്ച് പിടിക്കുന്ന പക്ഷിയെ പോലെയും വലയിൽ പിടിക്കുന്ന മീനിനേയും പോലെയാണെന്ന് ശലോമോൻ പറയുന്നു (9:12). അവസാനം ചിലപ്പോൾ അപ്രതീക്ഷിതമായിരിക്കും. അതുകൊ്, നാം ജീവിതത്തിലെ ഓരോ ദിവസവും നന്നായി ജീവിക്കുക.

### ജ്ഞാനത്തിന്റെ ആവശ്യം (9:13-18)

ജ്ഞാനം എപ്പോഴും അനുമോദിക്കപ്പെടുകയില്ലെങ്കിലും, അത് എപ്പോഴും നല്ലതാണ്. ഒരു വലിയ രാജാവ് ഒരു ചെറിയ പട്ടണത്തെ ആക്രമിച്ച സംഭവം 9:14–16 ൽ പറഞ്ഞിരിക്കുന്നു. തന്റെ ശക്തമായ സൈന്യത്താൽ രാജാവ് ആ പട്ടണത്തെ വളഞ്ഞു. ആ ഉപരോധത്തിൽനിന്ന് പട്ടണത്തെ രക്ഷിപ്പാൻ എന്തു ചെയ്യണമെന്ന് ഒരു സാധു മനുഷ്യന് അറിയാമായിരുന്നു. രക്ഷിച്ചുകഴിഞ്ഞ പ്പോൾ, ആ സാധു അവരെ രക്ഷിച്ച കാര്യം പട്ടണം മറന്നുകളഞ്ഞു. അത്തരം

ബുദ്ധിപരമായ ഒരു പ്രവൃത്തി നന്ദിയില്ലാത്തവരേ മറക്കുകയുള്ളു. നന്ദിയില്ലായ്മ ഒരു ദേശത്തെ തന്നെ നശിപ്പിച്ചേക്കാം. കഴിഞ്ഞകാലത്ത് കഠിനമായി പ്രവർത്തിച്ചവരെ അനുമോദിക്കാതിരുന്നതിനാൽ വലിയ പദ്ധതികൾ പലതും നടക്കാതെ പോയിട്ടു്. ജ്ഞാനത്തെ ആളുകൾ പലപ്പോഴും കാര്യമായി എടുക്കാതിരിക്കും. അതു സത്യമാണെങ്കിലും, ബലത്തേക്കാൾ നല്ലതു ജ്ഞാനമാണ്.

ഭോഷനായ രാജാവിന്റെ ഉച്ചത്തിലുള്ള ശബ്ദത്തേക്കാൾ, ജ്ഞാനിയുടെ ശാന്തമായ വാക്കുകൾക്ക് അധികം ശക്തിയു് (9:17). യുദ്ധത്തിനുപകരിക്കുന്ന ആയുധങ്ങളേക്കാൾ, ജ്ഞാനത്തിനും വിവേകത്തിനും കൂടുതൽ ശക്തിയു്, എങ്കിലും എന്തും ചെയ്യുവാൻ മടിയില്ലാത്ത ഒരു ദുഷ്ടമനുഷ്യനാൽ വളരെ നന്മ നശിപ്പിക്കുവാൻ കഴിയും (9:18).

### ഭോഷത്വത്തിന്റെ നശീകരണഫലങ്ങൾ (10:1-20)

അല്പഭോഷത്വം ജ്ഞാനത്തിന്റെ ഫലം ഇല്ലാതാക്കും (10:1). ശലോമോൻ അതിനെ ചത്ത ഈച്ച തൈലക്കാരന്റെ തൈലം നാറുമാറാക്കുന്നു എന്ന ചിത്രീകരണത്തിലൂടെയാണ് പറഞ്ഞിരിക്കുന്നത്. ഒരു ചെറിയ തെറ്റു മതി ജ്ഞാനിയുടെ ബഹുമതി ഇല്ലാതാക്കുവാൻ. ജ്ഞാനിയുടെ ഹൃദയം നേരായ ദിശയിലേക്കും, ഭോഷന്റെ ഹൃദയം തെറ്റായ ദിശയിലേക്കും നയിക്കും (10:2). ഭോഷൻ തന്റെ സംസാരത്താലും പ്രവൃത്തിയാലും തന്റെ തെറ്റ് പ്രകടിപ്പിക്കും (10:3).

അധികാരത്തിലിരിക്കുന്നവർക്ക് ജ്ഞാനം കുറവാണെങ്കിൽ, പ്രത്യേകിച്ച് അത് പാഴാക്കുകയായിരിക്കും (10:4-7). ഒരു ഭരണാധികാരിയോ, ഗവൺമെന്റ് ഉദ്യോഗസ്ഥനോ അന്യായം ചെയ്യുകയാണെങ്കിൽ, നാം നമ്മുടെ സ്ഥാനങ്ങൾ ഉപേക്ഷിക്കരുത്. പകരം, നാം ക്ഷമയോടെ ശാന്തമായ മനോഭാവം കാണിക്കണം, കാരണം "ക്ഷാന്തി മഹാ പാതകങ്ങളെ ചെയ്യാതിരിക്കും" (10:4).

അധികാരത്തിലിരിക്കുന്നവർക്ക് പറ്റുന്ന നാശകരമായ കുഴപ്പം എന്തെന്നാൽ കഴിവില്ലാത്തവരെ അധികാര സ്ഥാനങ്ങളിലാക്കുകയും, കഴിവുള്ളവരെ അവഗണിക്കുകയും ചെയ്യുമെന്നതാണ്. ദാസ്യവേല ചെയ്യേവർ, ശക്തിയും പ്രാധാന്യവും കാണിക്കുവാൻ കുതിരകളെ ഓടിക്കും. പ്രമുഖസ്ഥാനങ്ങളിലിരിക്കേവർ, സാധാരണ ദാസന്മാരെപോലെ, വിനയത്തോടെ നടന്നുപോകുന്നു.

ഭോഷത്വം പരാജയത്തിലേക്ക് നയിക്കുന്നു. എല്ലാറ്റിലും അപകടസാധ്യതയുള്ളതുകൊ് (10:8-11), ശ്രദ്ധയില്ലായ്മകൊ് ഭോഷൻ തന്നെത്തന്നെ നശിപ്പിക്കുന്നു. കുഴി കുഴിക്കുന്നവൻ അതിൽ തന്നെ വീഴുമെന്നാണ് ശലോമോൻ പറയുന്നത്. മതിലോ വീടോ പൊളിക്കുന്നവനെ പാമ്പ് കടിക്കും. വിറകു കീറുന്നവന് അതിനാൽ ആപത്തുാകും, ഇരുമ്പായുധം മൂർച്ചയില്ലാഞ്ഞിട്ട് അതിന്റെ വായ്ത്തല തേക്കാതിരുന്നാൽ അധികം ശക്തി പ്രയോഗിക്കേിവരും, വായ്ത്തല തേച്ചാൽ പെട്ടെന്ന് ജോലി തീർക്കാം. മന്ത്രപ്രയോഗം നടത്തുമ്മുമ്പെ സർപ്പം കടിച്ചാൽ മന്ത്രവാദം നടത്തിയിട്ടു കാര്യമില്ല. സർപ്പം അപ്പോഴും അപകടകാരിയാണ്. എല്ലാ കാര്യത്തിലും ജ്ഞാനവും വിവേകവും പ്രയോജനമുള്ളത്.

ജ്ഞാനിയുടേയും ഭോഷന്റേയും വാക്കുകളും പ്രവൃത്തികളും തമ്മിലുള്ള അന്തരം ശ്രദ്ധിക്കുക:

> ജ്ഞാനിയുടെ വായിലെ വാക്ക് ലാവണ്യമുള്ളത്. മൂഢന്റെ അധരമോ അവനെത്തന്നെ നശിപ്പിക്കും. അവന്റെ വായിലെ വാക്കുകളുടെ ആരംഭം

> ഭോഷത്വവും അവന്റെ സംസാരത്തിന്റെ അവസാനം വല്ലാത്ത ഭ്രാന്തും തന്നെ. ഭോഷൻ വാക്കുകളെ വർദ്ധിപ്പിക്കുന്നു; സംഭവിപ്പാനിരിക്കുന്നത് മനുഷ്യൻ അറിയുന്നില്ല. അവന്റെ ശേഷം ഉാകുവാനുള്ളത് ആർ അവനെ അറിയിക്കും? (10:12-14).

ജ്ഞാനിയുടെ വാക്കുകൾ ലാവണ്യമുള്ളത്. അവക്ക് അർത്ഥമു്. മൂഢൻ വായ് തുറക്കുമ്പോഴൊക്കെയും തന്റെ "അധരമോ അവനെത്തന്നെ നശിപ്പിക്കുന്നു." അവന്റെ വാക്കുകളുടെ ആരംഭം ഭോഷത്വവും അവസാനം വല്ലാത്ത ഭ്രാന്തും തന്നെ. തനിക്ക് എല്ലാം അറിയാമെന്ന് അവൻ വിചാരിക്കുന്നു - ഭാവിയടക്കം. ആർക്കും അവനെ ഉപദേശിപ്പാനോ മുന്നറിയിപ്പാനോ കഴിയുകയില്ല.

മൂഢൻ പ്രയത്നത്തെ കുറിച്ച് ചിന്തിച്ചു ക്ഷീണിച്ചുപോകുന്നതായാണ്, ശലോമോൻ പിന്നെ നിരീക്ഷിച്ചത് (10:15). താൻ എവിടെ പോകുന്നു എന്നറിയാത്തവിധത്തിൽ ഒരു ചെറിയ പ്രയത്നം പോലും അവനെ ക്ഷീണിപ്പിക്കുന്നു.

എല്ലാവർക്കും ജ്ഞാനത്തിന് വലിയ വിലയു്, അതു രാജാവിനായാലും വേലക്കാരനായാലും ശരിയാണ് (10:16-20). ബാലനായ രാജാവും അതികാലത്ത് ഭക്ഷണം കഴിക്കുന്ന പ്രഭുക്കന്മാരുള്ള ദേശത്തിനും അയ്യോ കഷ്ടം എന്നാണ് പറഞ്ഞിരിക്കുന്നത്. അവന്റെ ഉപദേശകന്മാർ മദ്ധ്യാഹ്നത്തിനു മുൻപു തന്നെ മദ്യപിക്കുന്നു. കുലീനനായ രാജാവും ബലത്തിനുവേി മാത്രം തക്ക സമയത്ത് ഭക്ഷണം കഴിക്കുന്ന പ്രഭുക്കന്മാരും ഉള്ള ദേശം ഭാഗ്യമുള്ളത്. അവന്റെ ഉപദേശകന്മാർ തങ്ങളുടെ ജോലി തീർത്ത ശേഷമാണ് ഭക്ഷണം കഴിക്കുന്നത്; പിന്നെ അവർ തിന്നുകയും കുടിക്കുകയും ചെയ്യുന്നു, ലഹരിക്കുവേിയല്ല, ബലത്തിനു വേിയാണ്.

ഭോഷത്വം പല രീതികളിൽ സ്വയം-നശിപ്പിക്കുന്നവയാണ്. ശലോമോൻ ഭോഷത്വത്തിന്റേയും സ്വയം-നശിപ്പിക്കുന്ന സ്വഭാവത്തിന്റേയും പല ഉദാഹരണങ്ങൾ 10:18-20 ൽ പറയുന്നു്. ആദ്യം, അവൻ അലസതയെ കുറിച്ച് പറഞ്ഞു. ആളുകൾ അലസരായിരിക്കുമ്പോൾ, അവർക്ക് ചുറ്റും അവരുടെ വീട് ചോർന്നൊലിക്കുന്നു. ചോരുന്നതുകൊ് മേലൽപ്പുര ദ്രവിച്ചു വീണുപോകുന്നു (10:18). ഭോഷൻ, സന്തോഷത്തിനായി വിരുന്നു കഴിക്കുന്നു എന്ന് അവൻ പറഞ്ഞിരിക്കുന്നു (10:19). "ജീവനെ ആനന്ദിപ്പിക്കുവാനായി" തെറ്റായ രീതിയിൽ സന്തോഷിക്കുന്നതിന് അവർ വീഞ്ഞു കുടിക്കുന്നു. പണത്തിന് എല്ലാം പരിഹരിക്കുവാൻ കഴിയുമെന്നാണ് അവർ വിചാരിക്കുന്നത്. അധികാരത്തിലിരിക്കുന്നവരെ ദുഷിക്കുന്നതു മൗഢ്യമാണെന്ന് പിന്നെ അവൻ പറഞ്ഞു - അത് ഒരാൾ തന്റെ ശയനഗൃഹത്തിൽ വെച്ചായാലും ശരി. ഒരു ചെറിയ പക്ഷിയോ (അല്ലെങ്കിൽ ഒരു മൂട്ടയോ) ആ വിവേകമില്ലായ്മ കേട്ട് മറ്റുള്ളവരോട് പറയും (10:20).

### ഉപസംഹാരം

ഒരാളുടെ ജീവിതത്തിൽ തൃപ്തിപ്പെടുവാനും വിവേകത്തോടെ ചിന്തിക്കുവാനും എല്ലാ ആളുകളേയും പഠിപ്പിക്കുവാൻ ആഗ്രഹിച്ചുകൊാണ് ശലോമോൻ ആ ചിന്തകളെല്ലാം സംയോജിപ്പിച്ചിരിക്കുന്നത്. അസംതൃപ്തരായ ആളുകൾ തങ്ങളുടെ സ്വാർത്ഥത ലക്ഷ്യം വെച്ചായിരിക്കും എല്ലായ്പോഴും പരിശ്രമിക്കുന്നത്, അതുകൊ് അവർക്ക് ഒരിക്കലും സന്തോഷിക്കുവാൻ കഴിയുന്നില്ല. ജീവിതം വാസ്തവത്തിൽ എന്താണെന്ന് തിരിച്ചറിയുവാൻ അവർക്ക്

കഴിയുന്നില്ല. ജീവിതമാർഗത്തിൽ ആസ്വദിക്കുന്നതിനോ, സന്തോഷിക്കുന്ന തിനോ കഴിയാത്തതുകൊ്, അവർ തങ്ങളുടെ ജീവിതത്തിന്റെ വേഗത കുറക്കുകയാണ്.